**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1031** **07-12-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരം മുറി കേസിന്മേലുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ , ശ്രീ . സണ്ണി ജോസഫ് , ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവത്തിന്മേലുള്ള അന്വേഷണ പുരോഗതി വിശദമാക്കുമോ; | (എ) | വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവം അന്വേഷിക്കാനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്. കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്നതിന് ശാസ്ത്രീയ പരിശോധന ഫലങ്ങൾ ലഭിക്കേണ്ടതായുണ്ട്. |
| (ബി) | അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. മൂന്ന് വനം വകുപ്പ് ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെൻറ് ചെയ്തിട്ടുണ്ട്. ശ്രീ.വിനേഷ്.വി.എസ് (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ലക്കിടി ചെക്ക് പോസ്റ്റ്, കൽപ്പറ്റ റെയിഞ്ച് ) ,ശ്രീ.ബി.പി.രാജു (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, മേപ്പാടി റെയിഞ്ച് )ശ്രീ.ശ്രീജിത്ത്.ഇ.പി, (ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ലക്കിടി ചെക്ക് പോസ്റ്റ്, കൽപ്പറ്റ റെയിഞ്ച്) എന്നിവരെയാണ് സസ്പെൻറ് ചെയ്തത്. ശ്രീ.എം.പത്മനാഭൻ, റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയും, ശ്രീ.എം.മനോഹരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയും യഥാക്രമം കരട് കാരണം കാണിക്കൽ നോട്ടീസും, കരട് കുറ്റപത്രവും, കുറ്റാരോപണ പത്രികയും തയ്യാറാക്കി യിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണത്തിൽ മുട്ടിൽ സൌത്ത് വില്ലേജ് ഓഫീസറായ 1) ശ്രീ.അജി കെ കെ, (മുൻ വില്ലേജ് ഓഫീസർ, മുട്ടിൽ സൗത്ത് വില്ലേജ് വയനാട്) 2) ശ്രീമതി. സിന്ധു കെ.ഒ. (മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ, മുട്ടിൽ സൗത്ത് വില്ലേജ് വയനാട്) എന്നിവരെ കേസിൽ പ്രതി ചേർത്ത് അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. |
| (സി) | മുൻസർക്കാരിന്റെ കാലത്ത് വനം വകുപ്പമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി മുട്ടിൽ മരംമുറി | (സി) | ഇല്ല. ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | കേസിലെ പ്രതികളുമായി ഫോൺ സംഭാഷണം നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ? | (ഡി) | ഉണ്ട്. വനംവകുപ്പിന്റെ അന്വേഷണത്തിൽ ഉത്തരവാദിത്വത്തിൽ പ്രഥമദൃഷ്ട്യാ വീഴ്ച വരുത്തിയുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് സസ്പെൻറ് ചെയ്ത വനം വകുപ്പ് ഉദ്യോഗസ്ഥരെ നിലവിലുള്ള സർക്കാർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തെ സ്വാധീനിക്കാൻ സാധ്യത ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ1-3896/21 തീയതി 21/12/2021, ഇ1-3196/21 തീയതി 05/02/2022 എന്നീ ഉത്തരവുകൾ പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ